ഉത്തരം

(എ) സംസ്ഥാന സഹകരണബാങ്ക് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് 1,485 ലക്ഷം രൂപയും, ട്രാക്കോ കേബിൾ കമ്പനിയ്ക്ക് 1,030 ലക്ഷം രൂപയും, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന് 300 ലക്ഷം രൂപയും, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന് 300 ലക്ഷം രൂപയും, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് 90 ലക്ഷം രൂപയും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യക്ക് 4,000 ലക്ഷം രൂപയും കരകുളം സർവ്വീസ് സഹകരണ ബാങ്ക് തിരുവനന്തപുരം വികസന അതോറിറ്റിക്ക് 50 ലക്ഷം രൂപയും, എറണാകുളം ജില്ലാ സഹകരണ ബാങ്ക് മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയ്ക്ക് 28 ലക്ഷം രൂപയും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് കെ. എസ്. ആർ. ടി. സി ക്ക് 287 ലക്ഷം രൂപയും വായ്പ നൽകിയിട്ടുണ്ട്. ആകെ 7,570 ലക്ഷം രൂപ.

(ബി) ഇക്കാര്യം വിശദമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റിനെതിരെയുള്ള അവിശ്വാസ പ്രമേയം

142 (1809) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ പ്രമുഖ സഹകരണസ്ഥാപനമായ തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റിനെതിരെയുള്ള അവിശ്വാസ പ്രമേയം ബഹു. കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പാസാക്കാത്ത സാഹചര്യത്തെക്കുറിച്ച് സഹകരണ വകുപ്പോ, നിയമവകുപ്പോ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ ;

(ബി) സഹകരണനിയമത്തിൽ 'അപ്പെക്സ് സംഘങ്ങളിൽ' അവിശ്വാസ പ്രമേയം അനുവദിക്കുന്നതിനാൽ പ്രൈമറി സംഘങ്ങളിലും ഇത് ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണസംഘം രജിസ്ട്രാർ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല.

(ബി) അവിശ്വാസ പ്രമേയം പാസാക്കുന്നത് സംബന്ധിച്ച് 1969 ലെ കേരള സഹകരണ സംഘം ആക്ടിലെ വകുപ്പ് 33(1) പ്രകാരമുള്ള വ്യവസ്ഥ അപ്പക്സ് സഹകരണസംഘങ്ങൾക്കും പ്രൈമറി സഹകരണസംഘങ്ങൾക്കും ഒരുപോലെ ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly